# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2662 **12.02.2019** -ൽ മറുപടിയ്ക്ക്

**<u>പണിപൂർത്തിയാകാത്ത ജലസേചന പദ്ധതികൾ</u>**

<u>ചോദ്യം</u>

ശ്രീ..ടി.എ.അഹമ്മദ് കബീർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

<u>മറുപടി</u>

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | പൂർത്തീകരിക്കേണ്ട സമയപരിധിയും ചെലവഴിക്കേണ്ട തുകയും അതിക്രമിച്ചിട്ടും പണി പൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | പണിപൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഇല്ല. എന്നാൽ ഇടത്തരം ജലസേചന പദ്ധതികളായ മൂവാറ്റുപുഴവാലി, ഇടമലയാർ, ബാണാസുരസാഗർ, കാരാപ്പുഴ ഇവ ഇനിയും പൂർത്തീകരിക്കുവാനുള്ളവയാണ്. |
| ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും സമയപരിധി നിശ്ചയിക്കുന്നതിനും ഏതെങ്കിലും സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗങ്ങളുള്ള ഒരു സാങ്കേതിക സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| സി) | ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ നിഗമനങ്ങൾ എന്തെല്ലാമാണ്; | | |
| ഡി) | സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | ഡി) | സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽകരിച്ച സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ പ്രകാരം മൂവാറ്റുപുഴവാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ